."ഭരണഭാഷ-മാതൃഭാഷ"

നമ്പർ. 431/2019

അഗ്നി രക്ഷാനിലയം
പുനലൂർ, 09.07.2019
ഫോൺ: 0475-2222701
plr.frs@kerala.gov.in

സ്റ്റേഷൻ ഓഫീസർ
അഗ്നിരക്ഷാനിലയം
പുനലൂർ

**TheManager,**
**Delta Central School,**
**Aylara , Yeroor,Kollam**

സർ ,

വിഷയം : അഗ്നി രക്ഷാനിലയം പുനലൂർ -**Educational Building** അംഗീകാര സാക്ഷ്യപത്രഅപേക്ഷ മടക്കി നൽകുന്നത് സംബന്ധിച്ച്

സൂചന : (1) അങ്ങയുടെ ഇന്നേ ദിവസത്തെ അപേക്ഷ

(2) GO(P) No. - 81/2017/LSGD Dated 31.10.2017

(3)ബഹു ഡയറക്ടർ ജനറൽ , ഫയർ& റെസ്ക്യൂ സർവ്വീസസ് തിരുവനന്തപുരം അവർകളുടെ 16.04.2019 ലെ കത്ത് നംബർ- എഫ്2-9400/16

അങ്ങയുടെ ഉടമസ്ഥതയിലുള്ള പുനലൂർ താലൂക്കിൽ ഏരൂർ പഞ്ചായത്തിൽ 13-ആം വാർഡിൽ YP-XIII 706 ആം നംബർ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന DELTA CENTRAL SCHOOL എന്ന സ്കൂൾ കെട്ടിടത്തിന് ഈവകുപ്പിന്റെ അംഗീകാര സാക്ഷ്യപത്രം ലഭിക്കുന്നതിന് സൂചന(1) പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ അടിത്തറ വിസ്തീർണം 1000ചതുരശ്ര മീറ്ററിനും ഉയരം15 മീറ്ററിനും താഴെ ആയതിനാൽ സൂചന(3) പ്രകാരം വിദ്യാഭ്യാസ ആവശ്യത്തിനുള്ള ടി കെട്ടിടത്തിന് ഈ വകുപ്പിന്റെ . അംഗീകാര സാക്ഷ്യപത്രം ആവശ്യമില്ലാത്തതാണ്. .

ആയതിനാൽ അങ്ങയുടെ സൂചന(1) അപേക്ഷ ഇതോടൊപ്പം മടക്കി നല്കുന്നു.

എന്ന് വിശ്വസ്തതയോടെ

സ്റ്റേഷൻ ഓഫീസർ
ഫയർ & റെസ്ക്യൂ സ്റ്റേഷൻ
പുനലൂർ- 691333

ഉള്ളടക്കം:

1)സൂചന(1) അപേക്ഷയും അനുബന്ധരേഖകളും.
2) സൂചന(3) കത്തിന്റെ പകർപ്പ്.

JAYASREE MOHAN
Principal
Delta Central School
Aylara

Manager
Mr. Mohanan Pillai
Delta Central School
Aylara

"ഭരണഭാഷ-മാതൃഭാഷ"

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്,
ഹോംഗാർഡ്സ് &സിവിൽ ഡിഫൻസ് ആസ്ഥാനം,
ഫയർ ഫോഴ്സ് ജംഗ്ഷൻ,
തിരുവനന്തപുരം, Pin.695001,
Phone – 0471 2320872
Email. hq.frs@kerala.gov.in

നമ്പർ. എഫ്2 - 9400/16 തീയതി. 16/04/19.

പ്രേഷകൻ,
ഡയറക്ടർ ജനറൽ,
ഫയർ സർവ്വീസ്സസ് ആസ്ഥാന കാര്യാലയം,
തിരുവനന്തപുരം.

സ്വീകർത്താവ്,
എല്ലാ റീജ്യണൽ ഫയർ ഓഫീസർമാർക്കും,
എല്ലാ ജില്ലാ ഫയർ ഓഫീസർമാർക്കും,
എല്ലാ സ്റ്റേഷൻ ഓഫീസർമാർക്കും.

സർ,

വിഷയം: ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്സസ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം - ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:
1) സർക്കാർ കത്ത് നം. എഫ്2 - 102/19/ഹോം, തീയതി. 02/04/19.
2) ജി. ഒ. (പി) നം. 81/2017/എൽ.എസ്.ജി.ഡി, തീയതി. 31.10.2017.
3) ജി. ഒ. (പി) നം. 82/2017/എൽ.എസ്.ജി.ഡി, തീയതി. 31.10.2017

............

1) സൂചനകൾ ശ്രദ്ധിച്ചാലും.

2) 'Ease of Doing Business'-ന്റെ ഭാഗമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 55, 56, 58, 60 എന്നീ ചട്ടങ്ങൾ സൂചന (2) പ്രകാരവും കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 53, 54, 56, 57, 58 എന്നീ ചട്ടങ്ങൾ സൂചന (3) പ്രകാരവും ഭേദഗതി ചെയ്തതിൽ പ്രസ്തുത ചട്ടങ്ങളിൽ പരാമർശിക്കുന്ന വിഭാഗം കെട്ടിടങ്ങളുടെ സംഗതിയിൽ കെട്ടിടത്തിന്റെ അടിത്തറ വിസ്തീർണ്ണം 1000 $M^2$ ന് മുകളിലോ ഉയരം 15 മീറ്ററിന് മുകളിലോ വരുന്ന പക്ഷം പെർമിറ്റ് നൽകുന്നതിന് മുൻപായി അഗ്നിരക്ഷാവകുപ്പിൽ നിന്നും ഒരു അംഗീകാര സാക്ഷ്യപത്രം വാങ്ങിയിരിക്കേണ്ടതാണ് എന്ന തരത്തിൽ ചട്ടം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിൽ റെസിഡൻഷ്യൽ, എജ്യുക്കേഷണൽ, ഇൻസ്റ്റിറ്റ്യൂഷണൽ, ബിസിനസ്സ്, മെർക്കന്റൈൽ, സ്റ്റോറേജ് എന്നീ വിഭാഗം കെട്ടിടങ്ങൾക്കും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിൽ റെസിഡൻഷ്യൽ, എജ്യുക്കേഷണൽ, ഇൻസ്റ്റിറ്റ്യൂഷണൽ, ബിസിനസ്സ്, മെർക്കന്റൈൽ, ഇൻഡസ്ട്രിയൽ, സ്റ്റോറേജ് എന്നീ വിഭാഗം കെട്ടിടങ്ങൾക്കുമാണ് ചട്ടങ്ങളിലെ ഈ

വ്യത്യാസം ബാധകമാകുന്നത്. ടി ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽനിന്നും അംഗീകാര സാക്ഷ്യപത്രം ആവശ്യമുള്ള അടിത്തറ വിസ്തീർണ്ണം 1000 $M^2$ ന് മുകളിലോ ഉയരം 15 മീറ്ററിന് മുകളിലോ വരുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ മാത്രം അപേക്ഷ സ്വീകരിക്കേണ്ടതും നിയമഭേദഗതി പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ അപേക്ഷ ലഭിക്കുന്നപക്ഷം ആയത് കാരണം വിശദമാക്കി ഉടൻ മടക്കി നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ

ഒപ്പ്

ഡയറക്ടർ ജനറൽ,

അംഗീകാരത്തോടെ

ആർ. പ്രസാദ്
ഡയറക്ടർ (ടെക്നിക്കൽ)

Manager
Mr. Mohanan Pillai
Delta Central School
Aylara

JAYASREE MOHAN
Principal
Delta Cen...